DESPATCHED
On...29/06/2020
17.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.15752)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.11160/എസ്.ഐ.സി–ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ബാജി ഗോവിന്ദൻ
അപ്പ◌ാർട്ട്മെന്റ് 1–എ
മുത്തൂറ്റ് ഗ്രീൻവാലി
കൃഷ്ണനഗർ2, എ.കെ.ജി.റോഡ്,
പേരൂർക്കട
തിരുവനന്തപുരം–695005
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഓഫീസ് ഓഫ് ദി സിറ്റി പോലീസ് കമ്മീഷണർ
കമ്മീഷണർ ഓഫീസ്,തൈയ്ക്കാട്പി.ഒ
തിരുവനന്തപുരം –695014

2. അപ്പീൽ അധികാരി,
സിറ്റി പോലീസ് കമ്മീഷണർ
കമ്മീഷണർ ഓഫീസ്, തൈയ്ക്കാട് പി.ഒ
തിരുവനന്കപുരം 695014

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.04.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 12.06.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.06.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.07.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 20.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം1ൽ 13.12.2018ൽ ഹർജിക്കാരൻ ശ്രീ.കെ.കേശവൻനായർക്കെതിരെ ഒരു പരാതി സമർപ്പിച്ചിട്ടുള്ളതും, ആയത് ജി9/97854 31.12.2018 തിയതി സ്വീകരിച്ചിട്ടുള്ളതും കൂടാതെ ജി9/9165 07.02.2019 തിയതി ഒരു പരാതി കൂടി ടിയാനെതിരെ സമർപ്പിച്ചിട്ടുണ്ടെന്നും ടി പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാനും, ഇനം 2ൽ ടി പരാതിയിന്മേൽ എഫ്.ഐ.ആർ എടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ എഫ്.ഐ.ആർ നമ്പരും, മൊഴിപ്പകർപ്പും, എഫ്.ഐ.ആർ പകർപ്പും, എഫ്.ഐ.എസ് പകർപ്പും, എഫ്.ഐ.ആർ എടുത്തില്ലെങ്കിൽ എന്ത് കൊണ്ടെന്നും, എടുക്കാൻ വിമുഖത കാണിച്ച ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും എന്നു തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനെത്തുടർന്ന് 29.04.2019 ന് അപ്പീൽ നൽകുകയും, ആയതിന് മറുപടിയായി എതിർകക്ഷി 12.06.2019 ന് മറുപടി നൽകുകയും, ആയതിൽ 4 ഇനങ്ങൾക്കും മറുപടി നൽകുകയും, ടി പരാതിയിൽ എഫ്.ഐ.ആർ എടുത്തിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു.

5. 26.10.2019 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ലെന്നും, ആയതിന് വിശദീകരണം ആവശ്യപ്പെട്ട് മെമ്മോ നൽകിയിട്ടുണ്ടെന്നും, അപ്പീൽ സമർപ്പിച്ചതിന് മറുപടിയും റിപ്പോർട്ടും സമർപ്പിച്ചുവെന്നും, 12.06.2019 ന് ഹർജിക്കാരൻ നേരിട്ട് വന്ന് കൈപ്പറ്റിയിട്ടുള്ളതും, 31.12.2018 ന് നൽകിയിട്ടുള്ള ജി9/97854/2018 ടി.സി മുഖേന അന്വേഷണനത്തിനും, നടപടികൾ സ്വീകരിക്കുന്നതിനുമായി സി.ഐ വഞ്ചിയൂരിന് അയച്ചു നൽകിയതും, ടിയാൻ ലഭ്യവും അനുവദനീയവുമായ വിവരങ്ങൾ മറുപടിയായി നൽകിയെന്നും,

ആയതിന്റെ റിപ്പോർട്ടും സമയബന്ധിതമായി നൽകിയിട്ടുള്ളതുമാണെന്നും, ആയതിന്റെ പകർപ്പുകൾ സമർപ്പിക്കുന്നുവെന്നുമാണ്.

6. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്ക് പരാതി ഹർജിക്കാരന് എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടില്ല എന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res

RIGHT TO INFORMATION